प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഒക്ടോബർ 3, 2018

**കർണ്ണാടക ദാവൺഗിരിയിലെ മില്ലത്ത് സഹകരണബാങ്ക്ലിമിറ്റഡിനു മേൽ പിഴചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്ക് ബാധകമാംവിധം) സെക്ഷൻ 47 A, ഒപ്പം സെക്ഷൻ 46(4) എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം റിസർവ്ബാങ്ക്ഓഫ് ഇന്ത്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് ദാവൺഗിരിയിലെ മില്ലത്ത് സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ 15 ലക്ഷം രൂപയുടെ (രൂപ പതിനഞ്ചുലക്ഷം മാത്രം) പണപ്പിഴചുമത്തി. ആർ.ബി.ഐ. യുടെ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും ലംഘിച്ച്, ഡയറക്ടർമാർക്കും അവരുടെ ബന്ധുക്കൾക്കും വായ്പകൾ അനുവദിക്കുക. രേഖകളില്ലാതെ വാഹനവാ യ്പകളും, ജീവനക്കാർക്കുള്ള വായ്പകളും അനുവദിക്കുക, പ്രതിമാസം 10 ലക്ഷം രൂപയ്ക്കു മുകളിൽ മൊത്തം പണമിടപാടുകൾ നടത്തുമ്പോൾ അവ കേന്ദ്രഗവൺമെ ൻറിൻറെ ന്യൂഡൽഹിയിലെ സാമ്പത്തിക രഹസ്യാന്വേഷണ യൂണിറ്റിന് റിപ്പോർട്ടു ചെയ്യാതിരിക്കുക എന്നിവ യ്ക്കാണ് ഈ പിഴ ചുമത്തിയിട്ടുള്ളത്.

റിസർവ്ബാങ്ക്, ബാങ്കിന് ഇതുസംബന്ധമായി ഒരു കാരണംകാണിക്കൽ നോട്ടീസ് നൽകിയതിന് ബാങ്ക് നേരിട്ടുള്ള ഒരു ഹിയറിംഗ് ആവശ്യപ്പെട്ടു. കേസിൻറെ വസ്തുതകളും ഇക്കാര്യത്തിൽ ബാങ്കിനുപറയാനുള്ളതും പരിഗണിച്ചശേഷം, ലംഘന ങ്ങൾ കാതലുള്ളവയാ ണെന്നും പിഴശിക്ഷ ചുമത്തേണ്ടത് ആവശ്യമാ ണെന്നുമുള്ള നിഗനമത്തിൽ റിസർവ് ബാങ്ക് എത്തുകയായിരുന്നു.

അജിത് പ്രസാദ്
അസിസ്റ്റൻറു അഡ്വൈസർ

പ്രസ്സ് റിലീസ് **2018-2019/765**